കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/240/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി. 09/03/2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1),(2) എന്നിവ കാണുക).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http:/aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,മലപ്പുറം
4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.7/240/2020

തിയതി:09/03/2020

<u>മലപ്പുറംജില്ലയിലെ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.07.2018 മുതൽ 18.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളുടെ കാര്യത്തിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | അജിത്ത് ആർ, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.01.2020 മുതൽ 30.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അബ്ദുൽ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സക്കീർ ഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

## <u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.മാത്തിൽ ലത്തീഫ് എന്ന അബ്ദുൽ ലത്തീഫ് | 01.04.2018 മുതൽ 30.09.2018 FNവരെ |
| | | ശ്രീ.പി.ഷൗക്കത്തലി(ചാർജ്ജ്) | 30.09.2018 ANമുതൽ 28.10.2018 വരെ |

| | | | |
|---|---|---|---|
| | | ശ്രീ.വി.ആബിദലി | 29.10.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | : | ശ്രീ.എം.വി.മോഹൻ,സെക്രട്ടറി | 01.04.2018 മുതൽ 12.11.2018 വരെ |
| | | ശ്രീമതി.അസീന ചെറുപള്ളിക്കൽ, അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 13.11.2018 മുതൽ 16.12.2018 വരെ |
| | | ശ്രീ.എം.വി.മോഹൻ,സെക്രട്ടറി | 17.12.2018 മുതൽ 20.03.2019 വരെ |
| | | ശ്രീമതി.അസീന ചെറുപള്ളിക്കൽ, അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 21.03.2019 മുതൽ 31.03.2019വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.അബ്ദുൾ ഹക്കീം | 01.04.2018 മുതൽ 31.10.2018 വരെ |
| | | ശ്രീമതി.അസീന ചെറുപള്ളിക്കൽ | 01.11.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.രാജൻ.എം.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ഇന്ദു ലേഖ.വി.പി | 01.04.2018 മുതൽ 14.03.2019വരെ |
| | | ശ്രീമതി.ബബിത.പി | 15.03.2019 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | | ഡോ.സജീവ് കുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | | ഡോ.ആബിദ അബ്ദുൽ കരീം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | | ഡോ.റഹിയാനത്ത് | 01.04.2018 മുതൽ 14.07.2018 വരെ |
| | | ഡോ.സരിത | 15.07.2018 മുതൽ 10.10.2018 വരെ |
| | | ഡോ.നിഷാന.എൻ.കെ | 11.10.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.ഉമ്മുകുൽസു | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ.കെ.കെ.ജെയിംസ് | 01.04.2018 മുതൽ 31.05.2018 വരെ |
| | | | |

| | | |
|---|---|---|
| | ശ്രീ.ഹരിദാസൻ | 01.06.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.അബ്ദുൽ നാസർ | 01.04.2018മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ശ്രീമതി.സാബിറ.കെ.പി | 01.04.2018മുതൽ<br>31.03.2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വർത്തമാന പത്രങ്ങളിലെ പരസ്യം-ഡിസ്കൌണ്ട് ലഭിക്കാൻ നടപടി സ്വീകരിച്ചില്ല. | 1-12 |
| 13 | കമ്പ്യൂട്ടർ എ.എം.സി സംബന്ധിച്ച് | 1-13 |
| 14 | NREGS മെറ്റീരിയൽ പർച്ചേസ് സപ്ലയർമാർക്ക് അധികം തുക നൽകി | 1-14 |
| 15 | പകൽ വീട് ഫർണ്ണിച്ചർ വാങ്ങൽ സംബന്ധിച്ച് | 1-15 |
| 16 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 17 | എയ്ഡഡ് സ്കൂളിൽ ആസ്തി വികസന പ്രവൃത്തി നടത്തിയത് ചട്ടവിരുദ്ധം. നഷ്ടം 479915 രൂപ. | 1-17 |
| 18 | എയ്ഡഡ് സ്കൂളുകളിൽ ചട്ടവിരുദ്ധമായി ആസ്തി വികസന പ്രവൃത്തികൾ നടത്തി. | 1-18 |
| 19 | അനധികൃത പ്രവൃത്തികൾക്ക് കരാറുകാർക്ക് തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 20 | എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകി ; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 21 | പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. | 1-21 |

| | | |
|---|---|---|
| 22 | ട്രസ്റ്റ് വർക്കിന് അധികനിരക്ക് നൽകി; നഷ്ടം 74924 രൂപ | 1-22 |
| 23 | പൊതുമരാമത്ത് പ്രവൃത്തി; പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ. | 1-<br>23 |
| 24 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 25 | 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. | 1-25 |
| 26 | കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല. | 1-26 |
| 27 | വസ്തു നികുതി ചുമത്തുന്നതു സംബന്ധിച്ച്. | 1-27 |
| 28 | മെഡിക്കൽ ഓഫീസർ നടപ്പിൽ വരുത്തിയ പ്രൊജക്ടുകളിലെ അപാകതകൾ | 1-28 |
| 29 | യു. പി. എസ്സ് ഇനിയും ലഭ്യമാക്കിയില്ല. | 1-29 |
| 30 | ക്വട്ടേഷൻ നോട്ടീസ് . വ്യാപകമായി പരസ്യപെടുത്തിയില്ല. | 1-30 |
| 31 | പുറമ്പോക്ക് അളക്കൽ ഇനിയും . പൂർത്തിയാക്കാനായില്ല | 1-31 |
| 32 | ക്ഷേമ കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ | 1-32 |
| 33 | അഗതി രഹിത കേരളം പദ്ധതിക്ക് വിഹിതം നൽകൽ | 1-33 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | ഭാഗം 3 – ഇല്ല | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | ട്രസ്റ്റ് വർക്കിന് അധികനിരക്ക് നൽകി; നഷ്ടം 74924 രൂപ | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 43 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| | | |

| | | |
|---|---|---|
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

08.02.2019.തീയതിയിലെ 1(1)-ആം തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 18.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,60,93,983 |
| വരവ് | 16,10,18,820 |
| ആകെ | 17,71,12,803 |
| ചെലവ് | 12,89,42,355 |
| നീക്കിയിരിപ്പ് | 4,81,70,448 |

## 1-4 ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29001959 | 29001959 | 29001959 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8444000 | 8444000 | 7106133 | 1337867 | 84.15 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 509000 | 509000 | 304112 | 204888 | 59.74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13755000 | 13755000 | 13555000 | 200000 | 98.54 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5907000 | 5907000 | 4385454 | 1521546 | 74.24 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13465000 | 13465000 | 11597134 | 1867866 | 86.12 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 7958 | 484453 | 492411 | 334373 | 158038 | 67.90 |
| ബി ഫണ്ട് | 0 | 69523060 | 69523060 | 69523060 | 0 | 100 |
| SBI -ഇ പേയ്മെന്റ് | 706579 | 130211 | 836790 | 649 | 836141 | |
| കെ.ജി.ബി.-14660 | 9859031 | 15578848 | 25437879 | 8384139 | 17053740 | |
| കെ.എസ്.സി.ബി-1687 | 599517 | 113221 | 712738 | 680225 | 32513 | |
| ട്രഷറി.ടി.എസ്.ബി | 1610321 | 46627579 | 48237900 | 22903250 | 25334650 | |
| SBI-86304-ജലനിധി | 2386928 | 3923108 | 6310036 | 3683340 | 2626696 | |
| കെ.ജി.ബി-12742സാക്ഷരത | 157969 | 85103 | 243072 | 78689 | 164383 | |
| കെ.ജി.ബി-14676-SSA | 150960 | 6129 | 157089 | 0 | 157089 | |
| കെ.ജി.ബി-13815(TSC) | 174520 | 833549 | 1008069 | 719507 | 288562 | |
| കെ.എസ്.സി.ബി-7426 പശ്ചിമഘട്ടം എസ്.സി. | 268753 | 10858 | 279611 | 0 | 279611 | |
| കെ.എസ്.സി.ബി-7433 പശ്ചിമഘട്ടം-ജനറൽ | 3554 | 144 | 3698 | 0 | 3698 | |
| ട്രഷറി.ടി.എസ്.ബി(ജോയിന്റ് വെഞ്ചർ | 63691 | 7434311 | 7498002 | 6388425 | 1109577 | |
| കെ.ജി.ബി-റിലീഫ് | 0 | 42031 | 42031 | 0 | 42031 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 302 | 149694567 | 206 | 109483344 | 0 | 56 | 68.21% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7958 | 484453 | 492411 | 334373 | 158038 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24585005 | 24585005 | 24585005 | 0 |
| ആകെ | 7958 | 25069458 | 25077416 | 24919378 | 158038 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 244560 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 5215200 | 402 |
| വിധവാപെൻഷൻ | 21625300 | 1758 |
| വാർദ്ധക്യകാലപെൻഷൻ | 34322900 | 2612 |
| വികലാംഗപെൻഷൻ | 6549100 | 533 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 876000 | 71 |
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 690000 | 51 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

# 1-9 ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പല സ്ഥാപനങ്ങളുടേയും ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് ചെയ്യുന്നില്ല.

3) ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

4) വിശദമായ ഓഫീസ് ഓർഡർ ഇല്ല.

5) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

6) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) അസ്സറ്റ് രജിസ്റ്റർ കാലികമല്ല.

8) പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
9) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.
10)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം

രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

11. സെക്രട്ടറി പ്രൊജക്ടിന്റെ ഭാഗമായും അല്ലാതെയും വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.12.2019 | 01.11.2019-<br>30.11.2019 | 25.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2019 മുതൽ 05.04.2019 വരെ | 2013-14 മുതൽ 2017-18 വരെ | 20.05.2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റുമെന്റ് ഷെഡ്യൂൾ 1-6 ലും , ഷെഡ്യൂൾ 1-14(a) ലും രേഖപ്പെടുത്തിയ എ. ജി .എൻ ആർ ജി എസ് വിവരങ്ങൾ തമ്മിൽ പൊരുത്തമില്ല.

2) ബാലൻസ്ഷീറ്റിലെ B4 ൽ ഉൾപ്പെട്ട ഗ്രാന്റ് തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ ആവശ്യമായ എ സി ആർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തൻമൂലം B4 ലെ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.

3)സംയുക്ത പദ്ധതികളുടെ ഇനത്തിൽ 2018-19 ൽ ചെലവഴിയ്ക്കുവാൻ ബാക്കിയുള്ള തുക 4,72,663 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B-4 ൽ 7,87,663 രൂപ(3,15,00+4,72,663)യാണ് ബാധ്യതയായി കാണിച്ചിട്ടുള്ളത്.അതേസമയം,ജോയിന്റ് വെഞ്ചർ അക്കൗണ്ട്(Treasury special TSB) പ്രകാരം 11,09,577 രൂപ നീക്കിയിരിപ്പുണ്ട്.വിത്യാസം വ്യക്തമാക്കേണ്ടതാണ്.

4)2018-19 ൽ അക്കൗണ്ട് നം.66182 ആയി കേരള ഗ്രാമീൺ ബാങ്കിൽ റിലീഫ് ഫണ്ടിന് പുതിയ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.31.03.2019 ന് 42,031 രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ B-2ൽ Distress Relief Fund ഇനത്തിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

5) വാടക നിക്ഷേപം ഇനത്തിൽ 2018-19 ൽ 41,895 രൂപയാണ് നിക്ഷേപ തുകയിൽ നിന്നും വാടകയിനത്തിൽ മുതൽ കൂട്ടിയിട്ടുള്ളത്.മുൻവർഷ ബാക്കിയും (3,27,939രൂപ),തൻവർഷ വരവും(7500 രൂപ)കൂട്ടി 3,35,439 രൂപയിൽ നിന്നും പ്രസ്തുത തുക കുറവുചെയ്താൽ ലഭിയ്ക്കുക 2,93,544 (335439-41895)ആയിരിക്കെ,2,91,030 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. കൂടാതെ,മൂന്നു വർഷത്തിലധികമായ നിരവധി നിക്ഷേപങ്ങൾ ഉണ്ടെങ്കിലും,ആയവ തനത്ഫണ്ടിലേക്ക് മുതൽകൂട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

6) ബാലൻസ് ഷീറ്റിലെ ബി 18 പ്രകാരം താഴെ പറയും പ്രകാരം തുകകൾ അഡ്വാൻസ് നൽകിയിട്ടുണ്ട്.

| ക്രമനം. | ഇനം | തുക |
|---|---|---|
| 1 | Tour Travelling Advance | 23,000 |
| 2 | Advance to Impementing Agencies -Deposit with G W D | 37,730 |
| 3 | Advance to Other Authoried Agencies | 1,23,200 |
| 4 | Advance to Impementing Officers | 8,56,810 |

മേൽ വിവരങ്ങൾ 2017-18 ലെ വാർഷികകണക്കിലും(ക്രമനം.4 ഒഴികെ ) ഉൾപ്പെട്ടിട്ടുള്ളവയാണ്.ആയവ അക്കൗണ്ട് ചെയ്തിട്ടുള്ളതിനാധാരമായ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.

7) 2017- 18 വർഷത്തെ വാർഷികകണക്കിലെ മുഴുവൻ അപാകതകളും പരിഹരിച്ചിട്ടില്ല.

8)വസ്തു നികുതി കണക്കിൽ സഞ്ചയ സോഫ്റ്റ് വെയറിലും ,വാർഷിക കണക്കിലും, തുകകൾ പൊരുത്തപ്പെടുന്നില്ല. തുക വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

9)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്തിബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

10)ഓഡിറ്റ് റിക്കവറിയിനത്തിൽ 2018-19 വർഷത്തിൽ രജിസ്റ്റർ പ്രകാരം 14,105 രൂപ വരവുണ്ടെങ്കിലും, 300 രൂപയാണ് വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

11) വസ്തുനികുതി റഗലറൈസേഷൻ ഫീസ് ഇനത്തിൽ 1,18,342 രൂപ വരവുണ്ടെങ്കിലും ആയത് പരിശോധിയ്ക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

12)ബാലൻസ് ഷീറ്റിൽ B-9 ൽ സ്റ്റെയിൽ ചെക്ക് ഇനത്തിൽ 2520 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട് .എന്നാൽ 31-3-2019 ന് റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഇനത്തിൽ തുകയില്ല.അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

13)Beneficiary Contribution ഇനത്തിൽ രേഖകൾ പരിശോധിച്ചതിൽ തുക ബാക്കിയില്ല. എന്നാൽ ബാലൻസ് ഷീറ്റിൽ B-4 ൽ 1,59,599 രൂപ ബാധ്യതയായി കാണിച്ചിരിയ്ക്കുന്നു. കാരണം വ്യക്തമാക്കേണ്ടതാണ്.

14)വികസനഫണ്ട് ഇനത്തിൽ താഴെ പറയും പ്രകാരം എ സി ആറും, വാർഷികകണക്കും തമ്മിൽ മൊത്തം ചെലവഴിച്ച തുകയിൽ വ്യത്യാസം .കാരണം വ്യക്തമാക്കേണ്ടതാണ്.

| എ സി ആർ പ്രകാരം ചെലവഴിച്ച തുക | വാർഷികകണക്ക പ്രകാരം ചെലവഴിച്ച തുക |
|---|---|
| 2,90,01,956 | 2,89,51,959 |
| ആയതിൽ 9,041 രൂപ വാട്ടർ അതോറിറ്റിയിൽ കുടിശ്ശികയുള്ളത് സ്രോതസിൽ നിന്നും കുറവുചെയ്തത് എ.സി .ആറിൽ ഉൾപ്പെടാത്തത് കുറവുചെയ്താൽ വ്യത്യാസം - 40,959 രൂപ | |

15) ബാലൻസ്ഷീറ്റിലെ B-9 ഷെഡ്യൂളിൽ 58,400 രൂപ Govt.and Other dues payable-Refund of Unutilised Grants of Prior Period ഇനത്തിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധിയ്ക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

# 1-12 വർത്തമാന പത്രങ്ങളിലെ പരസ്യം-ഡിസ്കൌണ്ട് ലഭിക്കാൻ നടപടി സ്വീകരിച്ചില്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൌണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | തുക | പത്രം | ഇൻവോയിസ് |
|---|---|---|---|

| | | | |
|---|---|---|---|
| 21800352/31.7.18 | 4368 | മാധ്യമം | 67626/24.7.18 |
| 21800353/31.7.18 | 3276 | മാധ്യമം | 67056/9.3.18 |
| 21800355/31.7.18 | 3840 | ദേശാഭിമാനി | MPM/2018/03/43050/17.3.18 |
| 21800356/31.7.18 | 3024 | ദേശാഭിമാനി | MPM/2018/03/39681/2.3.18 |
| 21800357/31.7.18 | 4536 | ദേശാഭിമാനി | MPM/2018/03/39969/4.3.18 |
| 21800358/31.7.18 | 4536 | ദേശാഭിമാനി | MPM/33915/28.1.18 |
| 21800679/31.10.18 | 4368 | മാധ്യമം | 67981/9.10.18 |
| 21800680/31.10.18 | 4368 | മാധ്യമം | 67790/27.8.18 |
| 21801190/30.3.19<br>16094 | 3822<br>3822<br>3276 | വീക്ഷണം | 40187/31.12.18<br>40177/31.12.18<br>41846/28.2.19 |
| 21801186/30.3.19<br>8736 | 5460<br>3276 | വീക്ഷണം | 41162/31.01.19<br>41168/31.1.19 |
| 218011878/30.3.19<br>11466 | 3276<br>2184<br>3276<br>2730 | വീക്ഷണം | 41151/31.1.19<br>41882/28.2.19<br>41984/14.3.19<br>42005/14.319 |
| ആകെ | 63438 | | |

സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൌണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പത്രം ആവശ്യപ്പെട്ടതു പ്രകാരമുള്ള തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് വഴി ഗ്രാമപഞ്ചായത്തിനു 9516 രൂപ നഷ്ടം വന്നിട്ടുണ്ട്. തുക പത്രസ്ഥാപനങ്ങളിൽനിന്ന് ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.5/23.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 കമ്പ്യൂട്ടർ എ.എം.സി സംബന്ധിച്ച്

വൗച്ചർ നമ്പർ 21801065/6.3.19 പ്രകാരം 88441 രൂപ ഗ്രാമപഞ്ചായത്തിലെ 11 കമ്പ്യൂട്ടറുകളുടെ എ.എം.സി ചാർജായി കെൽട്രോണിനു നൽകിയിട്ടുണ്ട്. കെൽട്രോണുമായി ഒപ്പ്‌വെച്ച 7.3.2019 ലെ കരാർ പ്രകാരം 7.3.2019 മുതൽ 6.3.2020 വരെയാണ് കരാർ കാലാവധി. കരാറിലെ 21, 24 വ്യവസ്ഥകൾ പ്രകാരം കെൽട്രോൺ വർഷം ചുരുങ്ങിയത് 4 തവണയെങ്കിലും preventive maintenance നടത്തണം. ലഭ്യമാക്കിയ രേഖകൾ പ്രകാരം 26.4.2019, 6.12.2019 എന്നീ തിയ്യതികളിൽ മാത്രമാണ് മെയിന്റനൻസ് നടത്തിയത്. എ.എം.സി നൽകിയ കമ്പ്യൂട്ടറുകളുടെ സ്റ്റോക് രജിസ്റ്റർ , മെയിൻറനൻസ് വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/24.1.2020. നു മറുപടി നൽകിയിട്ടില്ല. അതിനാൽ എ.എം.സി നൽകിയ കമ്പ്യൂട്ടറുകളുടെ ഗാരന്റി കാലാവധി കഴിഞ്ഞാണോ എ.എം.സി നൽകിയത് എന്നുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കേണ്ടതും ഗാരന്റി കാലാവധി, മെയിന്റനൻസ് വിവരങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

## 1-14 NREGS മെറ്റീരിയൽ പർച്ചേസ് സപ്ലയർമാർക്ക് അധികം

# തുക നൽകി

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന NREGS നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിച്ച് വാങ്ങിയിട്ടുണ്ട്. 2019 ഫെബ്രുവരി മാർച്ച് മാസങ്ങളിലാണ് എല്ലാ പർച്ചേസുകളും നടത്തിയത്. സപ്ലയർമാർ ബില്ലിൽ GST കാണിക്കാതെയാണ് തുക ക്ലെയിം ചെയ്തത്. വിശദവിവരം താഴെ ചേർക്കുന്നു

| പ്രവത്തി | ടെണ്ടറർ | ഇൻവോയിസ് നമ്പർ | ഇൻവോയിസ് തുക | ആവശ്യമായ ടിഡിഎസ് | എൽ. എസ് പ്രൊവിഷൻ |
|---|---|---|---|---|---|
| കുന്നനാത്ത് കുട്ടിഹസ്സൻ റോഡ് നിർമ്മാണം (വാക്കോട്) | ഷൗക്കത്തലി. ഇ | 7 | 282213 | 5644 | 1805.0 |
| മോസ്കോ നടുക്കുന്ന് റോഡ് നിർമ്മാണം (പാന്ത്ര) | ,, | 4 | 209479 | | 1334.0 |
| അയ്യപ്പങ്കാവ് ജനകീയ റോഡ് നിർമ്മാണം (പയ്യാക്കോട്) | ,, | 2 | 206504 | | 1320.8 |
| കേമ്പൻകുന്ന് ചെമ്പൻകുന്ന് റോഡ് നിർമ്മാണം (കേമ്പിൻകുന്ന്) | ,, | 3 | 242608 | | 1551.7 |
| കുഞ്ഞംപടി കുഴിപ്പാറ റോഡ് നിർമ്മാണം (അരിമണൽ) | ഗിരീഷ് .യു | 54, 56 | 317868 | 6357 | 3496.9 |
| കൊയ്ത്തക്കുണ്ട് മാടശ്ശേരി റോഡ് നിർമ്മാണം (കുട്ടത്തി) | ,, | 55 | 240953 | | 10314.3 |
| വെള്ളോലിപ്പടി കരിപ്പാലി റോഡ് നിർമ്മാണം (തരിശ്) | വർഗ്ഗീസ് . എൻ | 6,7 | 281387 | 5628 | 1799.8 |
| മില്ലുംപടി - പൂഴിക്കുന്നൻ മുസ്തഫ പാത്ത് വേ നിർമ്മാണം (ചെമ്പൻകുന്ന്) | ,, | 3,4,5 | 253316 | 5066 | 4860.8 |
| കേലംപറ്റ മുതുകോടൻ റോഡ് നിർമ്മാണം (കേരള എസ്റ്റേറ്റ്) | ,, | 8,9 | 242607 | | 1551.7 |
| ആർത്തല ചേവപ്പുറം റോഡ് നിർമ്മാണം (കൽകുണ്ട്) | ,, | 10,12 | 323063 | 6460 | 2066.3 |
| ആലത്തൂർ - ഓടാലിങ്ങൽ റോഡ് നിർമ്മാണം (ഇരിങ്ങാട്ടിരി) | നളൈർ ടി.കെ | 2 | 282213 | 5644 | 1805.0 |
| തങ്ങൾപടി - ചമക്കുന്ന് റോഡ് നിർമ്മാണം (പനഞ്ചോല) | ,, | 7 | 282213 | 5644 | 1805.0 |
| മൂച്ചിക്കുന്ന് പുഴ റോഡ് നിർമ്മാണം (മഞ്ഞൾപാറ) | മുഹമ്മദ് കെ | 7 | 205727 | | 1315.8 |
| നാഗത്താൻകിന്ന് - പൊറ്റയിൽപാടം പാത്ത് വെ നിർമ്മാണം (കിഴക്കേത്തല) | ,, | 3 | 282213 | 5644 | 1805.0 |
| നടുക്കുന്ന് ചുങ്കം റോഡ് | ,, | 9 | 252510 | 5050 | 1615.0 |

| | | | | | |
|---|---|---|---|---|---|
| നിർമ്മാണം (പുന്നക്കാട്) | | | | | |
| പുൽവെട്ട ഗാർഡൻ റോഡ് നിർമ്മാണം (പുൽവെട്ട) | ,, | 4 | 242565 | | 1548.0 |
| കണ്ണത്ത് - വീട്ടിച്ചോല റോഡ് നിർമ്മാണം (കണ്ണത്ത്) | ,, | 2 | 235177 | | 1504.0 |
| വീട്ടിക്കുന്ന് - ട്രാൻസ്ഫോർമർ പടി റോഡ് നിർമ്മാണം (ചുള്ളിയോട്) | ,, | 5 | 232964 | | 2342.6 |
| പുന്നക്കാട് ഗ്രൗണ്ട് നവീകരണം | ,, | 10 | 332356 | 6647 | 13718.0 |
| കക്കറഭാഗത്ത് കിണറുകളുടെ നിർമ്മാണം06 | ,, | 6 | 89102 | | 572.9 |
| പുൽവെട്ട സ്കൂൾ കളിസ്ഥലം നവീകരണം | ,, | 8 | 189291 | | 2146.0 |
| ചക്കംപ്ലാവ് - കുണ്ടൻചൊരല റോഡ് നിർമ്മാണം (പുത്തനഴി) | സനാഉള്ള ടി.പി | 1 | 241782 | | 1546.4 |
| | | | | | 61825 |

താഴെ പറയുന്ന അപാകതകൾ പരിഹരികേണ്ടതാണ്.

1. നിയമ പ്രകാരമുള്ള GST കണക്കാക്കി GST കഴിച്ചുള്ള തുക 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽനിന്നു 2 ശതമാനം GST കുറവ് ചെയ്ത് ബാക്കി തുക മാത്രം സപ്ലയർക്ക് നൽകേണ്ടതാണ്.

2. നിർമ്മാണ പ്രവർത്തികളുടെ എസ്ററിമേറ്റിൽ സ്വാഭാവികമായും ഉൾപ്പെടുത്തുന്ന സൺട്രീസ് കൂടി സ്പ്ലയർ നൽകുന്ന സാധനമായി കണക്കാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക അതേ പടി സപ്ലയർക്ക് നൽകിയിരിക്കുകയാണ് . അധികം നൽകിയ 61825 രൂപ സപ്ലയർമാരിൽനിന്നു തിരിച്ച് ഈടാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/30.01.2020 ന മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-15 പകൽ വീട് ഫർണ്ണിച്ചർ വാങ്ങൽ സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ പകൽ വീട് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി വൗച്ചർ നമ്പർ 21801108/20.3.19 പ്രകാരം തനത് ഫണ്ട് 157335 രൂപ ഫർണ്ണിച്ചർ സപ്ലൈ ചെയ്ത അസ്സീം ഡിസൈനിംഗ് ആന്റ് ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. സ്ഥാപനം ഹാജരാക്കിയ ഇൻവോയിസ് 69/13.3.19 പ്രകാരം സ്ക്വയർ ഫീറ്റിനു 110 രൂപ വിലയുള്ള 88.5 സ്ക്വയർ ഫീറ്റ് കാർപ്പറ്റ് സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ 28.1.2020 ന പകൽ വീട് നേരിട്ട് പരിശോധിച്ചപ്പോൾ64 സ്ക്വയർ ഫീറ്റ് കാർപ്പറ്റ് മാത്രമാണ് കാണാനായത്. സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി ഇൻവോയിസ് ക്യാൻസൽ ചെയ്തിട്ടില്ല. സപ്ലൈ ചെയ്യാത്ത കാർപ്പറ്റിനു നൽകിയ 2695 രൂപ (24.5 * 110) തിരിച്ചടക്കേണ്ടതാണ്. ഫർണ്ണിച്ചറുകളിൽ സ്റ്റോക് ക്രമനമ്പർ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി ഇൻവോയിസ് ക്യാൻസൽ ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/29.1.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-16 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 10 ലക്ഷം രൂപ ബിൽനമ്പർ 4198/14.7.18 പ്രകാരം കെ.എസ്.ഇ.ബി ക്ക് നൽകുന്നതിനു പിൻവലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച്

താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.13/29.1.2020 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

1. തുക കൈമാറിയതിന്റെ എക്കൗണ്ട് ട്രാൻസ്ഫർ വിവരങ്ങൾ/ കൈപറ്റ് രസീതി.

2. വിനിയോഗ സാക്ഷ്യപത്രം

മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

# 1-17 എയ്ഡഡ് സ്കൂളിൽ ആസ്തി വികസന പ്രവൃത്തി നടത്തിയത് ചട്ടവിരുദ്ധം. നഷ്ടം 479915 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2018-19 ൽ എയ്ഡഡ് സ്കൂളിൽ നടത്തിയ ആസ്തിവികസന പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: പുന്നക്കാട് DNOUP സ്കൂളിന് ടൈൽസ് ഇടൽ, 318/19.

അടങ്കൽ: 480000 രൂപ(ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് )

കരാറുകാരൻ: മുഹമ്മത് കെ

അളവ് പുസ്തകം: 153/18-19

ചെലവ്: 479915 രൂപ ( ട്രഷറി ബിൽ നംപർ 141/18-19/12-3-19)

സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നംപർ/തീയതി: 01/29-11-18

ഭരണാനുമതി നംപർ/തീയതി: 8/29-11-18

സാങ്കേതികാനുമതി: AEE/KKV/GPO 5/143/18-19/14-12-18

പുന്നക്കാട് DNOUP സ്കൂളിലെ ഏഴ് ക്ലാസ്സ് മുറികൾ, ഓഫീസ് മുറി, ലോബി എന്നിവയിൽ ഏകദേശം 300.00m2 വിട്രിഫൈഡ് ടൈൽസ് വിരിച്ചതിനാണ് മേൽ പ്രകാരം 479915 രൂപ ചെലവഴിച്ചിട്ടുള്ളത്. സ്വകാര്യ മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്കൂളിലാണ് മേൽ പ്രകാരമുള്ള ആസ്തിവികസന പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ്(കൈ) നംപർ.11/2018/തസ്വഭവ/തീയതി 29-1-2018 പ്രകാരമുള്ള 13-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പേടുത്താനാണ് വ്യവസ്ഥയുള്ളത്. മേലുത്തരവിൽ പറയാത്ത ഇനം പ്രവൃത്തിയാണ് മേൽ പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. മാത്രമല്ല, 2019-20 സാമ്പത്തിക വർഷത്തിൽ സർക്കാർ സ്കൂളുകളിൽ ടോയ്ലറ്റ് നിർമാണത്തിനായി മൂന്ന് പദ്ധതികളിൽ 1172769 രൂപയും പാചകപ്പുര നവീകരണത്തിന് ഒരു പദ്ധതിയിൽ 80000 രൂപയും സ്കൂളുകളിലെ മറ്റു നിർമാണപ്രവൃത്തികൾക്കായി പതിമൂന്ന് പദ്ധതികളിൽ 7607500 രൂപയും ഉൾപ്പെടെ ആകെ 8860269 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് രൂപീകരണഫോറം 2 ൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ആസ്തിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് 20.2,32,35,36 എന്നീ ഖണ്ഡികകളിൽ വിവരങ്ങൾ വിശദമാക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊജക്ട് രൂപീകരണഫോറം 2 ലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഖണ്ഡിക | രേഖപ്പെടുത്തേണ്ട വിവരം | രേഖപ്പെടുത്തിയ വിവരം |
|---|---|---|
| 20.2 | നിലവിലുള്ള പൊതു ആസ്തിയുടെ പുനരുദ്ധാരണ/വിപുലീകരണ/ | അതെ |

| | | |
|---|---|---|
| | മെയിന്റനൻസ് പ്രവൃത്തി ആണോ | |
| 32 | ആസ്തിയുടെ കോഡ്/പേര് | 33-03: കെട്ടിട പുനരുദ്ധാരണ/ മെയിന്റനൻസ്(ത ഭ സ്ഥാപനത്തിന്റെ/ സർക്കാറിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ) |
| 35 | ആസ്തിയുടെ ഉടമസ്ഥത (കോഡ്) | 35.06: പ്രോജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപനം |
| 36 | ആസ്തി രജിസ്റ്ററിലുള്ള ഈ ആസ്തിയുടെ യുണീക് നംപർ | 190061005000000000 |

മേൽ പ്രകാരമുള്ള തെറ്റായ ആസ്തി വിവരങ്ങൾ നൽകിയാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

ആയതിനാൽ തന്നെ, മേൽ പ്രകാരമുള്ള ആസ്തിവികസന പ്രവൃത്തികൾ നടത്താൻ അനുമതി ഉത്തരവ് ഇല്ലെന്നിരിക്കേ, മേൽ പ്രവത്തി നടത്തിയതിന് പ്രത്യേക അനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/27-1-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 479915 രൂപ മേൽ പദ്ധതിക്ക് അംഗീകാരം നൽകിയ 29-11-2018 തീയതിയിലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത ജനപ്രതിനിധികളിൽ നിന്ന് ( പങ്കെടുത്തവർ 17 ജനപ്രതിനിധികൾ) തുല്യമായി ഈടാക്കേണ്ടതാണ്.

## 1-18 എയ്ഡഡ് സ്കൂളുകളിൽ ഷീ ടോയ്‌ലറ്റ് നിർമ്മാണം- സർക്കാർ സ്ക്കൂളുകളിൽ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2018-19 ൽ രണ്ട് എയ്ഡഡ് സ്കൂളുകളിൽ നടത്തിയ ആസ്തിവികസന പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) ഇരിങ്ങാട്ടിരി AMLP സ്കൂളിന് ഷീ ടോയ്ലറ്റ്.258/18, 269/19.

അടങ്കൽ: 450000രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ: നശൈർ ടി കെ

അളവ് പുസ്തകം: 162/18-19
ചെലവ്: 350717 രൂപ ( ട്രഷറി ബിൽ നംപർ 32/18-19/21-5-18: 178974 രൂപ, 15/2019-20/: 171743 രൂപ (19-20 ലെ ചെലവ്)

സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം: 1(2)/18-12-17

ഭരണാനുമതി: 1(1)/19-1-18

സാങ്കേതികാനുമതി: AEE/KKV/GPO5/127/17-18/21-1-18

2) പുന്നക്കാട് ദാറുന്നജാത്ത് ഓർഫനേജ് സ്കൂളിന് ഷീ ടോയ്ലറ്റ്.257/18, 268/19.

അടങ്കൽ: 400000രൂപ (വികസന ഫണ്ട്)

കരാറുകാരൻ: മുഹമ്മത് കെ

അളവ് പുസ്തകം: 161/18-19

ചെലവ്: 399144 രൂപ ( ട്രഷറി ബിൽ നംപർ 70/18-19/26-11-18)

സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം: 1(2)/18-12-17

ഭരണാനുമതി: 1(1)/19-1-18

സാങ്കേതികാനുമതി: AEE/KKV/GPO 5/126/17-18/21-1-18

എട്ട് ടോയ്ലറ്റുകൾ നിർമിക്കുന്നതിനു വേണ്ടി മേൽ ക്രമനംപർ (1) പ്രകാരം 350717 (178974 രൂപ തൻവർഷത്തെ ചെലവ്) രൂപയും ആറ് ടോയ്ലറ്റുകൾ നിർമിക്കുന്നതിനു വേണ്ടി മേൽ ക്രമനംപർ (2)പ്രകാരം 399144 രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്വകാര്യ മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്കൂളുകളിലാണ് മേൽ പ്രകാരമുള്ള ആസ്തിവികസന പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ്(കൈ) നംപർ.11/2018/ തസ്വഭവ/തീയതി 29-1-2018 പ്രകാരമുള്ള 13-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പേടുത്താനാണ് വ്യവസ്ഥയുള്ളത്. എന്നാൽ, അത്തരത്തിലുള്ള ഒരു സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, 2019-20 സാമ്പത്തിക വർഷത്തിൽ സർക്കാർ സ്കൂളുകളിൽ ടോയ്ലറ്റ് നിർമാണത്തിനായി മൂന്ന് പദ്ധതികളിൽ 1172769 രൂപയും പാജകപ്പുര നവീകരണത്തിന് ഒരു പദ്ധതിയിൽ 80000 രൂപയും സ്കൂളുകളിലെ മറ്റു നിർമാണപ്രവൃത്തികൾക്കായി പതിമൂന്ന് പദ്ധതികളിൽ 7607500 രൂപയും ഉൾപ്പെടെ ആകെ 8860269 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്ന് തന്നെ എല്ലാ സർക്കാർ സ്കൂളുകളിലും മേൽ സൗകര്യങ്ങൾ ഏർപ്പെടുത്താതെയാണ് എയ്ഡഡ് സ്കൂളുകളിലെ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചതെന്ന് വ്യക്തമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/27-1-2020, 19/29-1-2020 എന്നീ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 578118 (178974+399144) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച പ്രത്യേക അനുമതി ഉത്തരവുണ്ടെങ്കിൽ ആയത് ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക മേൽ പദ്ധതികൾക്ക് അംഗീകാരം നൽകിയ 19-1-2018 ലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത ജനപ്രതിനിധികളിൽ നിന്ന് തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വിശദീകരണം നൽകാത്തപക്ഷം ക്രമ നമ്പർ 1 ന് 19-20 വർഷത്തിൽ ചെലവഴിച്ച 171743 രൂപ കൂടി തടസ്സം ചെയ്യുന്നതാണ്.

## 1-19 അനധികൃത പ്രവൃത്തികൾക്ക് കരാറുകാർക്ക് തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്ക് ശേഷമാണ് പ്രവൃത്തി തുടങ്ങിയിട്ടുള്ളത്. GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112,2111 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ തന്നെ, മേൽ സെക്ഷനുകൾ പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകപോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതമാണ്. (കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന്

നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല.)

വിശദാംശം താഴെ കൊടുക്കുന്നു.

1) ചാമക്കുന്ന് ഓവ്പാലം (കൾവർട്ട്) 225/18, 253/19

കരാറുകാരൻ: ശ്രീ നസീർ ടി കെ

കരാർ: 111/AE/LSGD/KKD/17-18/2-2-18 ( ER)

കരാർ തുക: 449675 രൂപ

അളവ് പുസ്തകം: 111/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 2-2-18

കരാർ കാലവധി: 2 മാസം

പൂർത്തീകരിക്കേണ്ട തീയതി: 1-4-18

ആരംഭിച്ച തീയതി: 3-10-18 (അളവ് പുസ്തകം പേജ് 2)

പൂർത്തീകരിച്ചതീയതി: 28-12-18 (അളവ് പുസ്തകം പേജ് 29)

ചെലവ്: 448464രൂപ (ബിൽ 101/18-19/19-3-19)

മൂല്യനിർണ്ണയം 448464

TAX 4% 17940

കരാറുകാരന് 430524

2) അംഗനവാടികൾക്ക് ടോയ്ലറ്റ് 150/18, 232/19

കരാറുകാരൻ: ശ്രീ ഷൗക്കത്തലി ഇ

കരാർ: 24/AE/LSGD/KKD/17-18/7-9-17( ER)

കരാർ തുക: 254697 രൂപ

അളവ് പുസ്തകം: 54/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 7-9-17

കരാർ കാലവധി: 8 മാസം

പൂർത്തീകരിക്കേണ്ട തീയതി: 6-3-18

ആരംഭിച്ച തീയതി: 26-3-18 (അളവ് പുസ്തകം പേജ് 1)

പൂർത്തീകരിച്ചതീയതി: 22-10-18 (അളവ് പുസ്തകം പേജ് 43)

ചെലവ്: 197238രൂപ (ബിൽ 141/18-19/12-3-19, 140000 രൂപ, 57238 രൂപ ,തനത് ഫണ്ട്- ചെക്ക് നംപർ ലഭ്യമാക്കിയിട്ടില്ല)

മൂല്യനിർണ്ണയം 197238

TAX 2% 3946

കരാറുകാരന് 193292

3)ചെമ്പൻകുന്ന് അംഗനവാടി പാത്ത് വേ 243/18, 262/19

കരാറുകാരൻ: ശ്രീ വർഗ്ഗീസ് എൻ ജെ

കരാർ: 99/AE/LSGD/KKD/17-18/30-1-18 ( ER)

കരാർ തുക: 99999രൂപ

അളവ് പുസ്തകം: 187/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 30-1-18

കരാർ കാലവധി: 1 മാസം

പൂർത്തീകരിക്കേണ്ട തീയതി: 1-3-18

ആരംഭിച്ച തീയതി: 30-3-18 (അളവ് പുസ്തകം പേജ് 1)

പൂർത്തീകരിച്ചതീയതി: 2-5-18 (അളവ് പുസ്തകം പേജ് 10)

ചെലവ്: 99315രൂപ (ബിൽ 42/18-19/13-8-18)

മൂല്യനിർണ്ണയം 99315

TAX 2% 1986

കരാറുകാരന് 97329

4)തരിശ് നന്നങ്ങാടി ST കോളനി ഭവനസുരക്ഷ 213/18, 248/19

കരാറുകാരൻ: ശ്രീ വർഗ്ഗീസ് എൻ ജെ

കരാർ: 105/AE/LSGD/KKD/17-18/30-1-18 ( ER)

കരാർ തുക: 99275രൂപ

അളവ് പുസ്തകം: 188/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 30-1-18

കരാർ കാലവധി: 2 മാസം

പൂർത്തീകരിക്കേണ്ട തീയതി: 1-4-18

ആരംഭിച്ച തീയതി: 5-4-18 (അളവ് പുസ്തകം പേജ് 1)

പൂർത്തീകരിച്ചതീയതി: 4-5-18 (അളവ് പുസ്തകം പേജ് 10)

ചെലവ്: 96136രൂപ (ബിൽ 41/18-19/13-8-18)

മൂല്യനിർണ്ണയം 96136

TAX 2% 1922

കരാറുകാരന് 94214

5)പുളിങ്കടവ് അംഗനവാടി അധികസൗകര്യമൊരുക്കൽ 236/18, 259/19

കരാറുകാരൻ: ശ്രീ വർഗ്ഗീസ് എൻ ജെ

കരാർ: 103/AE/LSGD/KKD/17-18/30-1-18 ( ER)

കരാർ തുക: 149670രൂപ

അളവ് പുസ്തകം: 29/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 30-1-18

കരാർ കാലവധി: 2 മാസം

പൂർത്തീകരിക്കേണ്ട തീയതി: 1-4-18

ആരംഭിച്ച തീയതി: 2-4-18 (അളവ് പുസ്തകം പേജ് 4)

പൂർത്തീകരിച്ചതീയതി: 4-5-18 (അളവ് പുസ്തകം പേജ് 13)

ചെലവ്: 147598രൂപ (ബിൽ 40/18-19/13-8-18)

മൂല്യനിർണ്ണയം 147598

TAX 2% 2952

കരാറുകാരന് 144646

മേൽ ചട്ട പ്രകാരം അനധികൃത പ്രവൃത്തികൾക്ക് കരാറുകാർക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9/25-01-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്രമവിരുദ്ധമായി ചെലവഴിച്ച 988751 (448464+197238+99315+96136+147598)രൂപ കരാറുകാരിൽ നിന്നീടാക്കേണ്ടതാണ്.

## 1-20 കുടിവെള്ള വിതരണ പദ്ധതിയിൽ സബ്മേഴ്സിബ്ൾ മോട്ടോർ സ്ഥാപിച്ചതിലെ അധിക ചെലവ്

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

1) നാഗത്താൻകുന്ന് SC കോളനി കുടിവെള്ളപദ്ധതി പുനരുദ്ധാരണം 164/18, 233/19

അടങ്കൽ: 150000(വികസനഫണ്ട് )

കരാറുകാരൻ: ശ്രീ.മുഹമ്മത് കെ

അളവ് പുസ്തകം: 100/17-18

കരാർ: 70/AE/LSGD/KKD/7-11-17 (എസ്റ്റിമേറ്റ് നിരക്ക്)

ചെലവ്: 147549 ( ട്രഷറി ബിൽ നംപർ 4/18-19/11-5-18 )

മൂല്യനിർണ്ണയം 147549

നികുതി 2% 2950

കരാറുകാരന് 144599

നിലവിലുള്ള കുടിവെള്ളപദ്ധതിയുടെ പുനരുദ്ധാരണത്തിനുള്ളതാണ് മേൽ പ്രോജക്ട്. 5000 ലിറ്റർ കുടിവെള്ളടാങ്ക് സ്ഥാപിക്കുക, 10 HP സബ്മേഴ്സിബ്ൾ മോട്ടോർ പമ്പ് സ്ഥാപിച്ച് പമ്പിംഗ് മെയിൻ പ്രവത്തികൾ ചെയ്യുക എന്നിവയാണ് എസ്റ്റിമേറ്റിലുൾപ്പെട്ട പ്രവത്തികൾ. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) 10 HP സബ്‌മേഴ്സിബ്ൾ മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ ലംപ്സം തുകയായി 67671 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ,10 HP ക്ക് പകരം 3 HP സബ്‌മേഴ്സിബ്ൾ മോട്ടോർ പമ്പ് സെറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. നയാഗ്ര ഏജൻസീസ് മൊറയൂർ എന്നസ്ഥാപനത്തിന്റെ 1917/21-3-18 നംപർ ഇൻവോയ്സ്(67000 രൂപ) പ്രകാരം 3 HP സബ്‌മേഴ്സിബ്ൾ മോട്ടോർ പമ്പ് സെറ്റും അനുബന്ധങ്ങളും വാങ്ങി സ്ഥാപിച്ചതിന്റെയടിസ്ഥാനത്തിലാണ് കരാറുകാരന് 67000 രൂപ അനുവദിച്ചിരിക്കുന്നത്. (അളവ് പുസ്തകം പേജ് 10,18) മാത്രമല്ല, അളവ് പുസ്തകം പേജ് (18) ൽ 10 HP സബ്‌മേഴ്സിബ്ൾ മോട്ടോർ പമ്പ് സ്ഥാപിച്ചതിന് എന്ന് രേഖപ്പെടുത്തിയാണ് തുക നൽകിയിരിക്കുന്നത്.

2) മേൽ കുടിവെള്ളപദ്ധതിക്ക് എത്ര പവറുള്ള മോട്ടോർ പമ്പാണ് വേണ്ടതെന്നുള്ളതിന്റെ കാൽകുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

3) മേൽ കുടിവെള്ളപദ്ധതിയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദാംശം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/29-1-2020നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 147549 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വിശദീകരണം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതും കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതുമാണ്.

# 1-21 പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2111,2112 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. മാത്രമല്ല, മേൽ ചട്ട പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകപോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതവുമാണ്.

ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതും കരാർ കാലാവധിക്ക് ശേഷം ചെയ്ത പ്രവൃത്തികളുടെ തുക കണക്കാക്കി ആയത് കരാറുകാരിൽ നിന്നീടാക്കേണ്ടതുമാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

1) കിഴക്കേതല GLPS ടോയ്ലറ്റ് 259/18,270/19.

കരാറുകാരൻ: ശ്രീ മുഹമ്മത് കെ

കരാർ: 130/ AE/LSGD/KKD/17-18/28.2.18 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 329978.58 രൂപ

അളവ് പുസ്തകം: 130/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 28-2-18

കരാർ കാലാവധി: 2 മാസം

പൂർത്തീകരിക്കേണ്ടതീയതി: 27-4-18

പൂർത്തീകരിച്ചതീയതി: 17-11-18(അളവ് പുസ്തകം പേജ് 31)

ചെലവ്: 329060 രൂപ (ബിൽ 100/18-19/31-12-18)

മൂല്യനിർണ്ണയം: 329060

(-) നികുതികൾ4%: 13154

കരാറുകാരന്: 315896

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 3299.78 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 2 months = 15 ദിവസം, 28-2-18 to 14-3-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 6599.56 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 2 months = 15 ദിവസം, 15-3-18 to 30-3-18)

ആകെ 9899.34 രൂപ.

2) പാന്ത്ര സബ് സെന്റർ ഷീടോയ്ലറ്റ് 253/18,266/19.

കരാറുകാരൻ: ശ്രീ ഇ ഷൗക്കത്തലി

കരാർ: 126/AE/LSGD/KKD/17-18/28.2.18 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 149651രൂപ

അളവ് പുസ്തകം: 157/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 28-2-18

കരാർ കാലാവധി: 2 മാസം

പൂർത്തീകരിക്കേണ്ടതീയതി: 27-4-18

പൂർത്തീകരിച്ചതീയതി: 13-8-18(അളവ് പുസ്തകം പേജ് 29)

ചെലവ്: 96079 രൂപ (ബിൽ 88/18-19/19-12-18)

മൂല്യനിർണ്ണയം: 96079

(-) നികുതികൾ2%: 1922

കരാറുകാരന്: 94157

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 1496.51 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 2 months = 15 ദിവസം, 28-2-18 to 14-3-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 2993.02 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 2 months = 15 ദിവസം, 15-3-18 to 30-3-18)

ആകെ 4489.53 രൂപ.

3) കക്കറ ബലിക്കടവിൽ ടോയ്ലറ്റ് നിർമാണം 262/18,272/19.

കരാറുകാരൻ: ശ്രീ മുഹമ്മത് കെ

കരാർ: 142/AE/LSGD/KKD/17-18/13-3.18 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 596579 രൂപ

അളവ് പുസ്തകം: 153/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 13-3-18

കരാർ കാലാവധി: 2 മാസം

പൂർത്തീകരിക്കേണ്ടതീയതി: 12-5-18

പൂർത്തീകരിച്ചതീയതി: 11-9-18(അളവ് പുസ്തകം പേജ് 82)

ചെലവ്: 569507 രൂപ (ബിൽ 83/18-19/19-12-18, 60000 രൂപ, സംസ്ഥാനാവിഷ്കൃത ഫണ്ട്, 509507 രൂപ (ചെക്ക് നംപർ ലഭ്യമാക്കിയിട്ടില്ല)

മൂല്യനിർണ്ണയം: 569507

(-) നികുതികൾ4%: 22784

കരാറുകാരന്: 546723

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 5965.79 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 2 months = 15 ദിവസം, 13-3-18 to 28-3-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 11931.58 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 2 months = 15 ദിവസം, 28-3-18 to 12-4-18)

ആകെ 17897.37 രൂപ.

4) പുൽവെട്ട, ചിലമ്പിലക്കൈ അംഗനവാടികൾക്ക് ഷീടോയ്ലറ്റ് 250/18,265/19.

കരാറുകാരൻ: ശ്രീ മുഹമ്മത് കെ

കരാർ: 120/AE/LSGD/KKD/17-18/2-2-18 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 199972 രൂപ

അളവ് പുസ്തകം: 120/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 2-2-18

കരാർ കാലാവധി: 2 മാസം

പൂർത്തീകരിക്കേണ്ടതീയതി: 1-4-18

പൂർത്തീകരിച്ചതീയതി: 22-6-18(അളവ് പുസ്തകം പേജ് 22)

ചെലവ്: 114013 രൂപ (ബിൽ 132/18-19/12-3-19)

മൂല്യനിർണ്ണയം: 114013

(-) നികുതികൾ2%: 2282

കരാറുകാരന്: 111731

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 1999.72 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 2 months = 15 ദിവസം, 2-2-18 to 17-2-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 3999.44 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 2 months = 15 ദിവസം, 18-2-18 to 5-3-18)

ആകെ 5999.16 രൂപ.

5) ഹോമിയോ ആശുപത്രിക്ക് സൗകര്യമൊരുക്കൽ 128/18, 230/19.

കരാറുകാരൻ: ശ്രീ ഇ ഷൗക്കത്തലി

കരാർ: 78/AE/LSGD/KKD/17-18/14-11-17 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 522357 രൂപ

അളവ് പുസ്തകം: 108/17-18, 249/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 14-11-17

കരാർ കാലാവധി: 8 മാസം

പൂർത്തീകരിക്കേണ്ടതീയതി: 13-7-18

പൂർത്തീകരിച്ചതീയതി: 10-9-18(അളവ് പുസ്തകം 108/17-18 പേജ് 95)

ചെലവ്: 522357

മൂല്യനിർണ്ണയം: 522357

(-) part bill 262284

ബാക്കി 260073

(+) റിടെൻഷൻ 26228

ആകെ 286301 രൂപ (ബിൽ 45/18-19/12-10-18)

(-) നികുതികൾ2%: 5722 (4 രൂപ കുറച്ച് അടവാക്കി)

കരാറുകാരന്: 280579

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 5223.57 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 8 months = 60 ദിവസം, 14-11-17 to 13-1-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 10447.14 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 8 months = ദിവസം, 14-1-18 to 13-4-18)

ആകെ 15670.71 രൂപ.

ആകെ പിഴ 53956.11 രൂപ (9899.34+4489.53+17897.37+5999.16+15670.71) ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 8/25-01-2020നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 ട്രസ്സ് വർക്കിന് അധികനിരക്ക് നൽകി; നഷ്ടം 74924 രൂപ

ട്രസ്സ് വർക്ക് ചെയ്യുന്ന പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പ്രവൃത്തിയുടെ ഇനമനുസരിച്ച് ട്രസ്സ് വർക്കിന് ബാധകമായ നിരക്കും (code 50.10.1), സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ നിരക്കും (code 50.10.2) നൽകാവുന്നതാണ്. എന്നാൽ താഴെ കൊടുത്ത പ്രവൃത്തികളിൽ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. എന്നാൽ, സിംഗിൾ സെക്ഷൻ ചെയ്ത പ്രവൃത്തിക്കും ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ, ആയതിന് സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ കോഡ് 50.10.2 അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel work for purlin/single section with GI pipes including cutting, hoisting, fixing in position.... എന്നാണ് പറയുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കും പർലിനും ഒരേ നിരക്ക് തന്നെയാണ് ഈടാക്കേണ്ടത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എന്നാൽ ആയതിന് വിരുദ്ധമായ നിരക്ക് നൽകിയത് വഴി കരാറുകാർക്ക് 74924 രൂപ അധികം നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്. വിശദാംശത്തിന് ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 കാണുക.

## 1-23 പൊതുമരാമത്ത് പ്രവൃത്തി; പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ.

ഓഡിറ്റ് വർഷം കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 217പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 174 എണ്ണമാണ് നിർവഹണം നടത്തിയത്(80.18%). ബാക്കി 43 എണ്ണം നിർവ്വഹണം നടത്തിയിട്ടില്ല . പ്രോജക്ടുകളുടെ ആകെ അടങ്കൽ 56873920/- രൂപയാണ്. ചെലവഴിക്കാനായത് 37748454/- രൂപയും. അതായത് 66.37 ശതമാനം. ഇത് കൂടാതെ അനേകം പദ്ധതികൾ റിവൈസ് ചെയ്യുന്നതായും കാണുന്നുണ്ട്. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 1.91 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല .വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.വാർഷിക പദ്ധതികൾക്ക് തുടക്കത്തിലേ അംഗീകാരം ലഭ്യമാവുന്നുണ്ടെങ്കിലും നിർവ്വഹണം വാർഷാവസാനത്തിലേക്ക് നീട്ടിക്കൊണ്ട് പോകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

LSGD എഞ്ചിനീയറിംഗ് വിംഗിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസീയറുമാണുള്ളത്. അവരിൽ തന്നെ പലരും പലപ്പോഴും മറ്റ് ത സ്വ ഭ വ സ്ഥാപനങ്ങളിലെ അഡീഷനൽ ചാർജ്ജും വഹിക്കുന്നുണ്ട്. LSGD എഞ്ചിനീയറിംഗ് വിംഗിന് താങ്ങാനാവുന്നതിലപ്പുറമുള്ള വർക്ക് ലോഡ് ഉള്ളതായി കാണുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു. പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് സൈറ്റിൽ എത്താൻ പോലും നിർവ്വഹണോദ്യോഗസ്ഥന് കഴിയുന്നില്ല എന്ന് കാണുന്നു. ഓഡിറ്റ് വർഷം ആകെ 46 പദ്ധതികളാണ് റിവൈസ് ചെയ്തിട്ടുള്ളത്. പല പദ്ധതികളും റിവൈസ് ചെയ്യുമ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വളരെയധികം വ്യതിചലിക്കുന്നതായി കാണുന്നു. മുമ്പേ തന്നെ നിർവ്വഹണം നടത്തിയ പ്രവൃത്തിക്ക് വേണ്ടി മറ്റു പ്രവൃത്തി റിവൈസ് ചെയ്തതായും കാണുന്നുണ്ട്. ഇതിൽ നിന്ന് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് സൈറ്റിൽ എത്താൻ പോലും നിർവ്വഹണോദ്യോഗസ്ഥന് കഴിയുന്നില്ല എന്ന് വ്യക്തമാവുന്നു.

യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ അനിവാര്യത മുൻ വർഷങ്ങളിൽ ആവർത്തിച്ച് ബോധ്യപ്പെടുത്തിയിട്ടും , ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതിയും യഥേഷ്ടം ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ അവസരം ഒരുക്കിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്,വികസനസ്റ്റാന്റിംഗ് കമ്മറ്റി എന്നിവയും 1.91 കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിലെ പൊതുസമൂഹത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയതിൽ തുല്യപങ്കാളികളാണ്.

തൻ വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ മാത്രം 63 പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിൽ 8 പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. . സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.മാത്രമല്ല തൻ വർഷം നടപ്പിലാക്കാത്ത പൊതുമരാമത്ത് പ്രോജക്ടുകൾ 2019-20 വർഷത്തേക്ക് സ്പിൽ ഓവറായതായും വ്യക്തമാവുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനാവുന്നില്ല. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് ഏങ്ങിനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ആസ്തി സംബന്ധിച്ച വിവരം പ്രോജക്ടിൽ ഉൾപ്പെടുത്തുന്നില്ല.

പ്രൊജക്ട് രൂപീകരണഫോറം 2 ൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ആസ്തിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് 20.2,32,35,36 എന്നീഖണ്ഡികകളിൽ വിശദമാക്കേണ്ടതുണ്ട്. എന്നാൽ പ്രൊജക്ട് രൂപീകരണഫോറങ്ങളിൽ മേൽ വിവരങ്ങൾ കൃത്യമായി നൽകുന്നില്ല. ഖണ്ഡിക 36 ൽ നിലവിലുള്ള ആസ്തിയുടെ യുണീക് നംപർ ചേർക്കേണ്ടതുണ്ട്. എന്നാൽ പല ഫോറങ്ങളിലും 190061005000000000 എന്ന യുണീക് നംപർ ചേർത്തതായാണ് കാണുന്നത്.ചില പ്രൊജക്ടുകളിൽ മാത്രം പ്രൊജക്ട് റിപ്പോർട്ടിൽ മറ്റൊരു

യുണീക് നംപർ ചേർത്തതായും കാണുന്നുണ്ട്. മേൽ അപാകത കാരണം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി നടത്തിയതെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

മറ്റു അപാകതകൾ.
1.ടെൻണ്ടർ ഫോം,അളവ് പുസ്തകം എന്നിവക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.നിർവ്വഹണം നടത്തി ഉക അനുവദിച്ച പല പ്രവർത്തികളുടേയും മോണിട്ടറിങ് റിപ്പോർട്ട് ഇല്ല.

3.റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.
4.റോഡ് പ്രവർത്തികൾക്ക് ചെയ്നേജ് രേഖപ്പെടുത്തുന്നില്ല
5.ഒരു സ്ഥലത്തെ ഒരേ തരം പ്രവർത്തികൾക്ക് ഒരു വർഷത്തിൽ പല പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പാക്കുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 1-24 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ലഭ്യമാക്കിയിട്ടില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് 2018-19 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 66250 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നംപർ 1/20-01-2020)

# 1-25 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത

തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ഓഡിറ്റ് തിയ്യതി വരെ നിശ്ചയിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ 340 അപേക്ഷകരിൽ നിന്നായി 106450/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12/29.01.2020 ന മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-26 കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ നമ്പർ,തരം | തറവിസ്തീർണ്ണം (m2) | | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| | | | പെർമിറ്റ് പ്രകാരം | Completion പ്ലാൻ പ്രകാരം (Partially completed) | |
| 1 | മുഹമ്മദ്, മൈമൂന,പടവൻ | 11/577CമുതൽR വരെ വാണിജ്യം | 413.99 | 643.91 | [(643.91-413.99)x10) 2299 |
| 2 | സിറാജ് വട്ടപ്പറമ്പിൽ | 21/16A മുതൽ F വരെ ,വാണിജ്യം | 236.49 | 553.77 | [(553.77-236.49)x10] 3173 |
| ആകെ | | | | | 5472 |

കുറവ് വന്ന തുക ഈടാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം. 16/29.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-27 വസ്തു നികുതി ചുമത്തുന്നതു സംബന്ധിച്ച്.

ശ്രീ.സൈനുദ്ധീൻ നെച്ചിക്കാടൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കോഴി ഫാമിന്(plinth area 192.66m2) 2018-19 കാലയളവിൽ 8/23A നമ്പർ അനുവദിച്ചിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ 8.09.2017 ലെ കുറിപ്പ ഫയൽ പ്രകാരം ടി കെട്ടിടത്തിന് തൊട്ടടുത്ത് 270 m2 വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടം (ഫാം) നികുതി ചുമത്താതെ നില നിൽക്കുന്നുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്,ടി കെട്ടിടത്തിന് നികുതി ചുമത്തിയ വിവരം അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.18/29.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-28 മെഡിക്കൽ ഓഫീസർ നടപ്പിൽ വരുത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

1.പരിരക്ഷക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് | : പരിരക്ഷക്ക് മരുന്നും അനുബന്ധ |

| | |
|---|---|
| | സാമഗ്രികളും വാങ്ങൽ(162/18-19) |
| നിർവ്വ ഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ(ആരോഗ്യം) |
| അടങ്കൽ | : 2,50,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നമ്പർ | : 8/2018-19, Rs 2,50,000 15.11.2018 |

മേൽ പ്രൊജക്ട് പ്രകാരം പരിരക്ഷക്ക് മരുന്ന് ലഭ്യമാക്കുന്നതിന് 15.11.2018- ൽ 250000/- രൂപ കെ.എം.എസ്.സി.എൽ- ന് നൽകിയിട്ടുണ്ട്. എന്നാൽ 34632/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്, മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി കെ.എം.എസ്.സി.എൽ- മായി കത്തിടപാടുകൾ നടത്തിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ 215368 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

2.സ.ഉ(സാധാ) നം.3217/2015/തസ്വഭവ 29.10.2015പ്രകാരം paliative care management committee 2 മാസത്തിലൊരിക്കലും paliative care implimentation committeeഎല്ലാ മാസവും 5ാം തിയതിക്കു മുൻപായും യോഗം ചേരേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ യഥാസമയം യോഗം ചേരുന്നില്ല,പ്രൊജക്ട് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് യഥാസമയം യോഗം ചേരേണ്ടതാണ്,തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

3.157/18-19-ആരോഗ്യ ജാഗ്രതാ പദ്ധതി രോഗ പ്രതിരോധവും പ്രതിരോധ കുത്തി വെപ്പും,159/18-19 പരിരക്ഷ ഹോം കെയർ നഴ്സ് ഹോണറേറിയം,ഭക്ഷണം വാഹനം ,എന്നീ പ്രൊജക്ടുകളിൽ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ ക്വട്ടേഷനുകൾ ക്ഷണിക്കുകയും വാഹനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്,എന്നാൽ ക്വട്ടേഷനുകൾ ഗ്രാമ പഞ്ചായത്തിൽ നിന്നും അനുമതി ലഭ്യമാക്കാതെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്,ആയത്ക്രമപ്രകാരമല്ല .അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.7/24.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-29 യൂ. പി. എസ്സ് ഇനിയും ലഭ്യമാക്കിയില്ല.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന 330/19 പ്രോജക്ട് ആയുർവേദ ആശുപത്രിയിലേക്ക് കംമ്പ്യൂട്ടർ പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് എൺപതിനായിരം വകയിരുത്തിയ പ്രോജക്ടിന് ബിൽ 02/15.02.2019 പ്രകാരം 61489 രൂപ ചെലവുണ്ട്. ഈ തുക കെൽട്രോണിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് മുൻകൂറായി ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. പെർഫോർമ ഇൻവോസിന്റെ അടിസ്ഥാനത്തിലാണ് തുക മുൻകൂറായി കൈമാറുന്നത്.

ഇൻവോയ്സ് 07143/15.11.2019 പ്രകാരം ടെസ്ക് ടോപ്പ് കംമ്പ്യൂട്ടർ , പ്രിന്റർ എന്നിവ സപ്ലൈ ചെയ്തതായി വ്യക്തമാവുന്നു.

ഡെസ്ക് ടോപ്പിന് 39442 രൂപയും, പ്രിന്ററിന് 14280 രൂപയും, ടി.എസ്.പി ചാർജ് എന്ന് രേഖപ്പെടുത്തി 1845 രൂപയും ഉൾപെടെ 55567 രൂപ മാത്രമാണ് ഇൻവോയ്സ് തുക. അവശേഷിച്ച 5922 രൂപ രൂപ തിരികെ ലഭ്യമായിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. ഇൻവോയ്സ് തുകയും കെൽട്രോണിന് അനുവദിച്ച തുകയും തമ്മിലെ വ്യത്യാസം ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-30 ക്വട്ടേഷൻ നോട്ടീസ് . വ്യാപകമായി പരസ്യപെടുത്തിയില്ല.

ബഡ്സ് സ്കൂൾ അന്തേവാസികളെ വീട്ടിൽ നിന്ന് റീഹാബിലിറ്റേഷൻ സെന്ററിലേക്കും തിരിച്ച് വീട്ടിലേക്ക് എത്തിക്കുന്നതിനും വാഹനം ലഭ്യമാക്കുന്നതിനായി ക്വട്ടേഷൻ മുഖേനയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ കിലോമീറ്ററിന് 30 രൂപ നിരക്കിൽ നിരക്ക് ക്വോട്ട് ചെയ്ത

പി.കെ കുഞ്ഞിമുഹമ്മദ് എന്നയാളുടെ ക്വട്ടേഷനാണ് ഭരണസമിതിയുടെ 5(4)/27.07.2018 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളത്.ഒരു മാസം ശരാശരി 52000 രൂപ വാഹന വാടക ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ചെലവ് ചെയ്യുന്നതായി വ്യക്തമാവുന്നു. ഒരു ദിവസം ശരാശരി 96 കിലോമീറ്റർ വാഹനം ഓടുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഈ ക്വട്ടേഷൻ നോട്ടീസ് പരസ്യപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡിലും പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ തന്നെയുള്ള കൃഷി ഓഫീസ് ബോർഡിലും മാത്രമാണ് ഈ ക്വട്ടേഷൻ പതിച്ചത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. ഗ്രാമ പഞ്ചായത്തിലെ തന്നെ ടാക്സി സ്റ്റാന്റ് . മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ക്വട്ടേഷൻ നോട്ടിസ് പരസ്യപ്പെടുത്താതിരുന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഉയർന്ന നിരക്കിലാണ് വാഹന വാടക അനുവദിക്കുന്നത് എന്നത് ഭരണസമിതി വിലയിരുത്തേണ്ടതാണ്.

# 1-31 പുറമ്പോക്ക് അളക്കൽ ഇനിയും പൂർത്തിയാക്കാനായില്ല

പുറമ്പോക്ക് അളക്കൽ അനുബന്ധ പ്രവൃത്തികൾ എന്ന മുൻവർഷ 232/18 പ്രോജക്ടിന്റെ ഭാഗമായി തനത് ഫണ്ട് 4.9 ലക്ഷം വകയിരുത്തുകയും എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യുന്നത് വർഗീസ് .എൻ.ജെ എന്ന കരാറുകാരന് ചെക്ക് നമ്പർ 2057135/28.03.2018 പ്രകാരം പ്രവൃത്തിക്കായി പഞ്ചായത്തിൽ നിന്ന് തനത് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 488472 രൂപയുടെ പ്രവൃത്തിമൂല്യം കണക്കാക്കി 9770 രൂപ നികുതി ഇനത്തിൽ കുറവ് ചെയ്ത് 478702 രൂപ കരാറുകാരന് നൽകുന്നുണ്ട്.അളവ് പുസ്തകം 166/17-18 പ്രകാരം 49545.56 m2 പ്രദേശം കാട് വെട്ടി വൃത്തിയാക്കുന്നതിന് 9.88m2 നിരക്കിൽ തുക കരാറുകാരന് നൽകുന്നുണ്ട്. എന്നാൽ നാളിത് വരെ പുറമ്പോക്ക് അളക്കൽ പ്രവൃത്തി നിർവഹിക്കാനായിട്ടില്ല എന്ന് വ്യക്തമാവുന്നു. ക്ഷേമ കാര്യ സ്ഥിരം സമിതിയുടെ 30.04.2018 , 27.07.2018 മീറ്റിങ്ങിലും ഭരണ സമിതിയോട് സമയപരിധിവെച്ച് പുറമ്പോക്ക് അളന്ന് തിട്ടപെടുത്തുന്ന പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ , നടപടികൾക്ക് വേഗതയില്ല എന്ന് പഞ്ചായത്ത് ഭരണസമിതിയുടെ മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

ചെലവഴിച്ച 4.88 ലക്ഷം രൂപ പാഴ് ചെലവാകാതിരിക്കാൻ യുക്തമായി മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

# 1-32 ക്ഷേമ കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ

പഞ്ചായത്തിന്റെ വളരെയധികം പ്രോജക്ടുകൾ ക്ഷേമകാര്യ സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്ന.

ഓഡിറ്റ് കായലളവിൽ ക്ഷേമ കാര്യസ്ഥിരം സമിതി 14 തവണ യോഗം ചേർന്ന് തീരുമാനങ്ങൾ മിനുടസിൽ രേഖപ്പെടുത്തുന്നുണ്ട്. പ്രധാനമായും ക്ഷേമ പെൻഷൻ സംബന്ധിച്ച തീരുമാനങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രോജക്ടുകളെ കുറിച്ച് വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടുന്നതിനും സ്ഥിരം സമിതി ജാഗ്രത പുലർത്തിയിട്ടില്ല എന്ന് ക്ഷേമ സ്ഥിരം സമിതിയുടെ മിനുട്സ് ബുക്ക് വ്യക്തമാക്കുന്നു. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രോയോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് ക്ഷേമ സ്ഥിരം സമിതി. ഇത്തരം ബോഡികളെ സാങ്കേതികവും നിയമപരവുമായ ഒരു ഘടകമായി മാത്രം മാറ്റുന്നത്

ലഭ്യമായ ഫണ്ട് വിവേചന രഹിതമായി വിനിയോഗിക്കുന്നതിന് ഇടയാക്കുന്നു. സ്ഥിരം സമിതികളുടെ മീറ്റിങ്ങുകൾ ഭരണപരമായ കടമ നിർവഹിക്കുന്നതിന് മാത്രമാവുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-33 അഗതി രഹിത കേരളം പദ്ധതിക്ക് വിഹിതം നൽകൽ

അഗതി രഹിത കേരളം പദ്ധതിക്ക് വിഹിതം നൽകൽ എന്ന 87/2019 പ്രോജക്ട് അസിസ്റ്റന്റ് സെക്രട്ടറിയാണ് നിർവഹണം നടത്തുന്നത്. പദ്ധതി വിഹിതം രണ്ട് ലക്ഷം വകയിരുത്തിയ പ്രോജക്ടിൽ ചെലവ് ഒന്നും ചെയ്തിട്ടില്ല.

ആശ്രയ റിവിസിറ്റ് പ്രോജക്ടിന്റെ അവസാന ഘട്ടത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഇപ്രകാരമാണ്. ചാലഞ്ച് ഫണ്ട് 189746 രൂപയും, പ്ലാൻ വിഹിതം 309032 രൂപയും, തനത് ഫണ്ട് 185452 രൂപയും പലിശ 28571 രൂപയും ഉൾപ്പെടെ 545801 രൂപ ബാലൻസ് ഉണ്ട്. ഇപ്രകാരമുള്ള ബാലൻസ് തുക ഉൾപ്പെടുത്തി ആകെ 9025770 രൂപയുടെ അടങ്കലാണ് അഗതി രഹിത ഗ്രാമം പദ്ധതിക്കായി വകയിരുത്തിയത്. ഇതിൽ 3325770 രൂപ പ്ലാൻ വിഹിതവും, 5700000 രൂപ ചാലഞ്ച് ഫണ്ടും ഉൾപ്പെടുന്നു.

ആശ്രയ ഗുണഭോക്താക്കളായിരുന്ന 213 കുടുംബങ്ങളെ ഉൾപ്പെടുത്തി അഗതി രഹിത ഗ്രാമം സ്കീമിൽ നിലവിൽ 261 കുടുംബങ്ങളാണ് ഇരുപത്തിയൊന്ന് വാർഡുകൾ ഉള്ള പഞ്ചായത്തിൽ ഉൾപ്പെടുന്നത്. ഭക്ഷണകിറ്റ് വിതരണം മാത്രമാണ് ഈ സ്കീമിന്റെ ഭാഗമായി നിലവിൽ നടന്ന് വരുന്നത്.

<u>ഭാഗം 2</u>

<u>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

ഇല്ല

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 3-1 ട്രസ്സ് വർക്കിന് അധികനിരക്ക് നൽകി; നഷ്ടം 74924 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ട്രസ്സ് വർക്ക് ചെയ്യുന്ന പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പ്രവൃത്തിയുടെ ഇനമനുസരിച്ച് ട്രസ്സ് വർക്കിന് ബാധകമായ നിരക്കും (code 50.10.1), സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ നിരക്കും (code 50.10.2) നൽകാവുന്നതാണ്. എന്നാൽ താഴെ കൊടുത്ത പ്രവൃത്തികളിൽ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. എന്നാൽ, സിംഗിൾ സെക്ഷൻ ചെയ്ത പ്രവൃത്തിക്കും ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ, ആയതിന് സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ കോഡ് 50.10.2 അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel work for purlin/single section with GI pipes including cutting, hoisting, fixing in position.... എന്നാണ് പറയുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കും പർലിനും ഒരേ നിരക്ക് തന്നെയാണ് ഈടാക്കേണ്ടത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക<br>(code 50.10.1) | നൽകാവുന്ന തുക<br>(code 50.10.2) | അധികം |
|---|---|---|---|---|
| 1) തരിശ് 1 അംഗനവാടി നവീകരണം 210/19<br>അടങ്കൽ: 200000 രൂപ<br>കരാറുകാരൻ : വർഗീസ് N J<br>കരാർ: 17/AE/LSGD/KKD/18-19/30-8-18 (ER)<br>അളവ് പുസ്തകം: 17/18-19<br>മൂല്യനിർണ്ണയം: 199074<br>(ബിൽ നംപർ 128/18-19/12-3-19)<br>TAX (2%) 3982<br>കരാറുകാരന്: 195092 രൂപ<br>DSR 2016 cost index 37.25% | ഇനം (1)<br>436.26Kg<br>( കോണി നിർമിച്ചതിനുള്ള നിരക്ക് അംഗീകരിക്കുന്നു) | 59968<br>@137.46/Kg | 48831<br>@111.93/Kg | 11137 |
| 2) പഴയകടക്കൽ GUPS നവീകരണം 261/18<br>അടങ്കൽ: 411667 രൂപ<br>കരാറുകാരൻ : വർഗീസ് N J<br>കരാർ: 128/AE/LSGD/KKD/17-18/28-2-18 (ER)<br>അളവ് പുസ്തകം: 164/17-18,167/17-18<br>മൂല്യനിർണ്ണയം: 411570<br>(-)PART BILL 183260<br>(+) റിടെൻഷൻ 18326<br>ആകെ 246636<br>(ബിൽ നംപർ 50/18-19/9-11-18)<br>TAX (2%) 4934 | ഇനം 3<br>599.50Kg | 82407<br>@137.46/Kg | 67102<br>@111.93/Kg | 15305 |

| | | | | |
|---|---|---|---|---|
| കരാറുകാരന്: 241702 രൂപ<br>DSR 2016 cost index 37.25% | | | | |
| 3) കേമ്പിൻകുന്ന് അംഗനവാടി, ചെമ്പൻകുന്ന് അംഗനവാടി നവീകരണം 33/19<br>അടങ്കൽ: 350000 രൂപ<br>കരാറുകാരൻ : വർഗീസ് N J<br>കരാർ: 16/AE/LSGD/KKD/18-19/30-8-18 (ER)<br>അളവ് പുസ്തകം: 16/18-19<br>മൂല്യനിർണ്ണയം: 349839<br>(ബിൽ നംപർ 144/18-19/12-3-19)<br>TAX (4%) 13996<br>കരാറുകാരന്: 335843 രൂപ<br>DSR 2016 cost index 37.25% | ഇനം (2)<br>1248.00 kg | 171550<br>@137.46/Kg | 139689<br>@111.93/Kg | 31861 |
| 4) പുൽവെട്ട സ്കൂൾ ഭക്ഷണശാല വിപുലീകരണം 27/19<br>അടങ്കൽ: 250000 രൂപ<br>കരാറുകാരൻ : മുഹമ്മത് കെ<br>കരാർ: 39/AE/LSGD/KKD/18-19/30-8-18 (ER)<br>അളവ് പുസ്തകം: 39/18-19<br>മൂല്യനിർണ്ണയം: 249918<br>(ബിൽ നംപർ 75/18-19/26-11-18: 107000, ബിൽ നംപർ 74/18-19/26-11-18: 142918)<br>TAX (2%) 5000<br>കരാറുകാരന്: 244918 രൂപ<br>DSR 2016 cost index 37.25% | ഇനം (7)<br>525.00kg | 72167<br>@137.46/Kg | 58763<br>@111.93/Kg | 13404 |

| | | | | |
|---|---|---|---|---|
| 5) ബഡ്സ് സ്കൂൾ കെട്ടിട നവീകരണം 219/19<br>അടങ്കൽ: 160000 രൂപ<br>കരാറുകാരൻ : മുഹമ്മത് കെ<br>കരാർ: 71/AE/LSGD/KKD/18-19/4-10-18 (ER)<br>അളവ് പുസ്തകം: 71/18-19<br>മൂല്യനിർണ്ണയം: 159929<br>(ബിൽ നംപർ 69/18-19/26-11-18)<br>TAX (2%) 3200<br>കരാറുകാരന്: 156729 രൂപ<br>DSR 2016 cost index 37.25% | ഇനം (1)<br>126.00kg | 17320<br>@137.46/Kg | 14103<br>@111.93/Kg | 3217 |
| ആകെ | | | | 74924 രൂപ |

മേൽ പ്രകാരം അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/29-1-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 74924 രൂപ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 22.07.2019 മുതൽ 23.07.2019 വരെ | കെ.എസ്.എ.എം.പി.എം. 7/1555/2019<br>തിയ്യതി: 24-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1963955 | 17/19 ലൈഫ് ഭവന പദ്ധതി | 1963955 | 0 |
| | 839863 | 18/19ലൈഫ് ഭവന പദ്ധതി(എസ്.സി) | 839863 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 42500 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 0 | 42500 |
| ജില്ലാ പഞ്ചായത്ത് | 2212470 | 17/19 ലൈഫ് ഭവന പദ്ധതി(ജനറൽ) | 2212470 | 0 |
| | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 644800 | 17/19 ലൈഫ് ഭവന പദ്ധതി(എസ്.സി) | 172137 | 472663 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | പ്രോ.നം.181/18-19 സ്ട്രീറ്റ് മെയിൻ വലിക്കൽ | ബിൽ നമ്പർ 24198 /14.07.2018 | 1000000 | 1000000 | ലഭ്യമല്ല | 1000000 |
| മുണ്ടൂർ IRTC | പ്രോ.നം.190/18-19 ഒലിപ്പുഴ പുനർജനി മാസ്റ്റർ പ്ലാൻ | ബിൽ നമ്പർ 23/18-19/22.03.2019 | 500000 | 500000 | പൂർത്തീകരിച്ചു | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 23140756 | 0 | -- | -- | 23140756 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 2-3(2) | 6140 | കുപ്പത്ത് ഉണ്ണീൻ | 1180103351/29-10-2018 |
| 2011-12 | 2-9 | 432 | രാമൻ കുട്ടി വാര്യർ | 11810106248/16-02-2019 |
| 2017-18 | 3-12 | 52500 | ചന്ദ്രൻ,ചേരി,കൽക്കുണ്ട് | 118010102166/04-08-2018 |
| 2017-18 | 3-12 | 52500 | വാസു,,ചേരി,കൽക്കുണ്ട് | 118010102167/04-08-2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 63 | 2003-04 | | പുന്നക്കാട് ആനവാരിക്കൽ VCB നിർമാണം, | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 1999-00 | 45,46 | 2003-04 | | ബസ് സ്റ്റാന്റ് ലേലം, പുന്നക്കാട് കളിസ്ഥലം | “ |
| 2003-04 | 3-3 | 2006-07 | | അക്ഷയ SSA പദ്ധതികൾക്ക് അധികച്ചെലവ് | “ |
| 2003-04 | 3-10 | 2006-07 | | മിനിഇന്റസ്ട്രിയൽ എസ്റ്റേറ്റ് അധികച്ചെലവ് | “ |
| 2003-04 | 3-11 | 2006-07 | റിപ്പോർട്ട് വര്ഷം | മരാമത്ത് പണി അധിക ചെലവ്-വൃദ്ധ,വികലാംഗ വിശ്രമകേന്ദ്രം | “ |
| 2004-05 | 3-12 | 2007-08 | | എസ്.ജി.ആർ.വൈ പ്രവൃത്തി-ഭക്ഷ്യധാന്യം അധികം അനുവദിച്ചത് | “ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്ര | റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|

| നം | വര്‍ഷം | നംപര്‍ | വ്യക്തി | നംപര്‍/തീയതി | തുക | |
|---|---|---|---|---|---|---|
| 1 | 2005-06 | 3-3<br>3-17<br>3-21 | C K ബാലന്‍ | LF 4447/Sp.cell/sc 5/08 dt 5.9.09/22.9.09 | 11800<br>5263<br>389877 | ഉത്തരവാദിയായ വ്യക്തി മരണപ്പെട്ടതായി LF M 7/2293/13 dt 24-12-13 കത്ത് പ്രകാരം അറിയിച്ചു |
| 2 | 2000-01 | 49 എ<br>67(1)<br>58(3)<br>61(1)<br>70<br>29(a)<br>58(1)(2)(3)<br>32(1)(3)<br>35 | എ എന്‍ വിജയകുമാരന്‍ നായര്‍<br>"<br>" | LF 12829/Spl cell/SC5/05/02-03-2007/03-04-07<br>"<br>" | 20023<br>17022<br>6030 | DCRG യില്‍ നിന്ന് ഈടാക്കാന്‍ നടപടി സ്വീകരിക്കുന്നുണ്ടെന്ന് റിയിച്ചു<br>"<br>" |
| 3 | 2004-05 | 3-8<br>3-9<br>3-10<br>3-11<br>3-12 | C K ബാലന്‍ | LF/14544/Spl cell/sc5/08 11/09 | 326939 | ഉത്തരവാദിയായ വ്യക്തി10-09-2010 ന് മരണപ്പെട്ടതായി LF M 7/2293/13 dt 24-12-13 കത്ത് പ്രകാരം അറിയിച്ചു |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വര്‍ഷത്തെ ആകെ വരവ് | : | 161018820 |
| ഓഡിറ്റ് വര്‍ഷത്തെ ആകെ ചെലവ് | : | 128942355 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റില്‍ അംഗീകരിക്കാത്ത തുക | : | 74,924 |
| ഓഡിറ്റില്‍ തടസ്സപ്പെടുത്തിയ തുക | : | 1941035 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പര്‍ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാര്‍ജ് ചെയ്യാവുന്നവ | സര്‍ചാര്‍ജ് ചെയ്യാവുന്നവ | |
| 3-1 | | 74,924 | ശ്രീ.രാജന്‍.എം.ജി,അസിസ്റ്റന്റ് എഞ്ചിനീയര്‍ |
| | ആകെ | 74,924 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1000000 | ശ്രീ. എം.വി. മോഹനൻ, സെക്രട്ടറി |
| 1-18 | 578118 | ശ്രീ.രാജൻ.എം.ജി,അസിസ്റ്റന്റ് എഞ്ചീനീയർ |
| 1-20 | 147549 | ശ്രീ.രാജൻ.എം.ജി,അസിസ്റ്റന്റ് എഞ്ചീനീയർ |
| 1-28 | 215368 | ഡോ.ആബിദ അബ്ദുൽ കരീം,മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| | 19,41,035 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജൻ.എം.ജി,അസിസ്റ്റന്റ് എഞ്ചീനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത് | മുണ്ടംപള്ളി ഹൗസ്,മീയന.പി.ഒ,ഒഴൂർ,കൊല്ലം-691510 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95,95-96 | LF M/15/236/03/15-10-2010 | 7 | |
| 1996-97 | LF M/15/461/01/15-10-2010 | 7 | |
| 1997-98 | LF M/15/705/01/15-10-2010 | 36 | |
| 1998-99 | LF M/15258/02/15-10-2010 | 30 | |
| 1999-00 | KSAMPM/7/928/18/23-5-18 | 22 | |
| 2000-01 | KSAMPM/7/928/18(1)/23-5-18 | 13 | |
| 2001-02 | KSAMPM/7/928/18(2)/23-5-18 | 9 | |

| | | | |
|---|---|---|---|
| 2003-04 | LF M/6/974/05/15-10-2010 | 5 | |
| 2004-05 | LF M/6/2079/08/15-10-2010 | 31 | |
| 205-06 | LF M/6/251/07/15-102010 | 20 | |
| 2006-07 | LF M/6/1324/08/15-10-2010 | 13 | |
| 2007-08 | LF M/6/272/09/11-11-09 | 19 | |
| 2008-11 | LF M/7/1881/12/ | 5 | |
| 2011-12,12-13 | LF M/7/565/15/2-7-15 | 11 | |
| 2013-14,14-15 | KSAMPM/7/2016/16/30-6-17 | 6 | |
| 2015-16 | KSA MPN /7/3264/16/23-3-18 | 12 | |
| 2016-17 | KSA MPM /7/1999/17/31-07-18 | 24 | |
| 2017-18 | KSA MPM /7/1996/18/08-11-18 | 32 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം 7/1555/2019

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി:

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ( ഹയർ ഗ്രേഡ്)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.